Pastoral Letter No. XXX

**ദൈവകൃപയാൽ**
**കോട്ടയം അതിരൂപതയുടെ**
**മെത്രാപ്പോലീത്ത**
**മാർ മാത്യു മൂലക്കാട്ട്**

The Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686 001.

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോ മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

നമ്മുടെ കർത്താവീശോമിശിഹായുടെ രക്ഷാകരമായ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യങ്ങൾ സാർവത്രികസഭ ഭക്ത്യാദരവുകളോടെ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന അനുഗ്രഹീതമായ വലിയ നോമ്പിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ദൈവം നമുക്ക് നൽകുന്ന രക്ഷയുടെ ഈ കാലഘട്ടം ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം. പ്രാർത്ഥനയിലും ഉപവാസത്തിലും ദൈവസന്നിധിയിൽ നാം നടത്തുന്ന നോമ്പാചരണം നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കാനും നാം ദൈവത്തോട് കൂടുതൽ ചേർന്ന് നിൽക്കാനും രക്ഷാകരമായ പെസഹാരഹസ്യങ്ങളിൽ യോഗ്യതയോടെ പങ്കുചേർന്ന് ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്കു പ്രവേശിക്കാനുമുള്ള നല്ല അവസരമാക്കി മാറ്റാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോ യോർദ്ദാൻ നദിയിൽ യോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് ഈശോയുടെ മേൽ ഇറങ്ങി ആവസിക്കുകയും ഈശോ ദൈവപുത്രനാണെന്നു പിതാവിന്റെ സാക്ഷ്യം ശ്രവിക്കുകയും ചെയ്തതായി സുവിശേഷത്തിൽ നാം വായിക്കുന്നു. പിതാവായ ദൈവത്തിന്റെ അംഗീകാരമുദ്ര ചാർത്തപ്പെട്ട തന്റെ ദൈവപുത്രസ്ഥാനത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനും തനിക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തിന്റെ അന്തരാർത്ഥങ്ങൾ ഉൾക്കൊള്ളാനുമായി ഈശോ നാൽപത് ദിവസം മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിച്ചു. ഈ കാലഘട്ടം പ്രലോഭനങ്ങളെ അതിജീവിക്കുന്ന ഉറച്ച തീരുമാനങ്ങളിലേക്ക് ഈശോയെ നയിച്ചു എന്ന് നാം മനസിലാക്കുന്നു. പ്രലോഭനങ്ങൾ അവിടം കൊണ്ടവസാനിച്ചില്ല എന്ന് മാത്രമല്ല, പല രൂപത്തിൽ ഈശോയെ വീണ്ടും വീണ്ടും പരീക്ഷിച്ചുകൊണ്ടിരുന്നു. എങ്കിലും ഉള്ളിൽ നിറഞ്ഞുനിന്ന ദൗത്യാവബോധവും പിതാവുമായുള്ള അഭേദ്യബന്ധവും പീഡാസഹനത്തെയും കുരിശിലെ മരണത്തെയും അതിജീവിച്ച് ഉത്ഥാനത്തിലൂടെ നിത്യജീവന്റെ വാതിലുകൾ തന്നിൽ വിശ്വസിക്കുന്നവർക്കായി തുറന്നിടുവാൻ ഈശോയെ സഹായിച്ചു.

ഈശോയുടെ ദൗത്യാവബോധവും ആ ദൗത്യനിർവ്വഹണത്തോടുള്ള അചഞ്ചലമായ വിശ്വസ്തതയും നമുക്കോരോരുത്തർക്കും എന്നും വലിയ പ്രചോദനമാകണം. ഈ വർഷം റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡ് സമ്പൂർണ്ണമായും യുവജനങ്ങളിലേക്ക് ശ്രദ്ധ തിരിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടിരിക്കുകയാണല്ലോ. "യുവജനം, വിശ്വാസം, വിളി സംബന്ധമായ തിരിച്ചറിയൽ" എന്ന വിഷയത്തെ ആസ്പദമാക്കിയാണല്ലോ സിനഡ് വിളിച്ചു ചേർത്തിരിക്കുന്നത്. മാമ്മോദീസായിൽ വെളിവാക്കപ്പെട്ട തന്റെ ദൗത്യത്തെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ബോദ്ധ്യവും ദൈവികനിയോഗവുമായി പ്രാവർത്തികമാക്കിയ ഈശോയെപ്പോലെ ഓരോരുത്തരും, വിശിഷ്യാ യുവജനങ്ങൾ വിശ്വാ

സത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ വിളി തിരിച്ചറിയുകയും അതിനായി തങ്ങളെ തന്നെ സമർപ്പിക്കുകയും ചെയ്യണമെന്ന് പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്നു.

അധികാരത്തിന്റെയും ദ്രവ്യാഗ്രഹങ്ങളുടെയും ജഡികാസക്തികളുടെയും ശക്തമായ ആകർഷണത്തെ ദൈവവചനമാകുന്ന വാളുകൊണ്ട് തകർത്തെറിയുകയും ദൈവവുമായുള്ള നിരന്തര ബന്ധത്തിലൂടെ ക്ലേശകരവും ദുരിതപൂർണ്ണവുമായ ദൗത്യനിർവ്വഹണത്തിൽ അചഞ്ചലനായി മുന്നേറുകയും ചെയ്ത യുവാവായ ഈശോയെ ഈ കാലഘട്ടത്തിലെ യുവജനങ്ങളുടെ മാതൃകയും വെല്ലുവിളിയുമായി പരിശുദ്ധപിതാവ് അവതരിപ്പിക്കുന്നു. ഈശോയുടെ മാതൃക പിൻതുടർന്ന് ഓരോ യുവാവും യുവതിയും ദൈവം അവർക്കു നൽകിയിരിക്കുന്ന ദൗത്യപൂർത്തീകരണത്തിനായി തങ്ങളെത്തന്നെ സജ്ജരാക്കാൻ ഈ നോമ്പ് കാലം സഹായിക്കട്ടെ.

ഓരോ വ്യക്തിയുടെയും ജീവിതം ഫലമണിയുന്നത് അവർക്ക് ദൈവമൊരുക്കിയിരിക്കുന്ന വിളിയിലും ദൗത്യനിർവ്വഹണത്തിലും സമർപ്പണബോധത്തോടെ വ്യാപൃതരാകുന്നതിലാണ്. അതിന് ആദ്യം വേണ്ടത് ദൈവം അവർക്കായി നിശ്ചയിച്ചിരിക്കുന്ന നിയോഗം കണ്ടെത്തുക എന്നതാണ്. ഇക്കാര്യത്തിൽ അവരെ സഹായിക്കാൻ സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു. മൂല്യാധിഷ്ഠിത വിശ്വാസവഴികളിലൂടെ മുന്നേറുന്ന വിശ്വാസസമൂഹത്തിനു മാത്രമേ ഈ ചുമതല യഥാവിധി നിർവഹിക്കാനാവൂ. അടിയുറച്ച വിശ്വാസത്തിനു മാത്രമേ ആപൽക്കരവും സാഹസികവുമായ പാതകളിൽ ദൈവത്തിന്റെ കരം പിടിച്ച് ലക്ഷ്യോന്മുഖമായി മുന്നേറാൻ സാധിക്കൂ. അതുകൊണ്ടുതന്നെയാണ് വിളി സംബന്ധമായ വിവേചിച്ചറിയലിൽ വിശ്വാസത്തിനുള്ള പ്രാധാന്യം പരിശുദ്ധപിതാവ് എടുത്ത് പറയുന്നത്. വിശ്വാസത്തിന്റെ അഭാവത്തിൽ യുവജനങ്ങളുടെ ഊർജ്ജസ്വലതയും കർമ്മശേഷിയുമൊക്കെ ലക്ഷ്യം തെറ്റിയ അമ്പുകൾ പോലെ പ്രയോജന ശൂന്യമായിത്തീരും. ആകർഷണീയമായ പ്രലോഭനങ്ങളിലൂടെ യുവജനങ്ങളെ വശീകരിച്ച് ചതിക്കുഴിയിൽ വീഴ്ത്തുന്ന തിന്മയുടെ ശക്തികളെ തിരിച്ചറിഞ്ഞ് അവയിൽ നിന്നകന്നു നിൽക്കാൻ വിശ്വാസവെളിച്ചം അനിവാര്യമാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അസാന്മാർഗിക ജീവിതത്തിന്റെയും രൂപത്തിൽ വരുന്ന ആകർഷണങ്ങളെ ചെറുക്കുവാനും ലക്ഷ്യബോധത്തോടെ മുന്നേറുവാനും “ഇവൻ/ഇവൾ എന്റെ പ്രിയ പുത്രനാണ്/പുത്രിയാണ്” എന്ന് പറഞ്ഞ് മാമ്മോദീസായിൽ ദൈവം പകർന്നു നൽകിയ ദൈവപുത്രസ്ഥാനത്തെക്കുറിച്ചും അതിലൂടെ ദൈവം നമ്മിൽ അർപ്പിച്ചിരിക്കുന്ന ഉന്നതമായ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഉള്ള ബോദ്ധ്യം നിലനിർത്തുവാനും ഈ നോമ്പുകാലം ഉപയോഗപ്പെടുത്തണം. കേരള കത്തോലിക്കാ സഭയിലെ ആദ്യത്തെ രൂപതാ യുവജനസംഘടനയായ നമ്മുടെ കെ.സി.വൈ.എൽ ഈ വർഷം അതിന്റെ സുവർണ്ണ ജൂബിലിയിലേക്ക് പ്രവേശിക്കുമ്പോൾ പരിശുദ്ധപിതാവിന്റെ യുവജനങ്ങൾക്കായുള്ള സിനഡും കെ.സി.ബി.സി.യുടെ യുവജനവർഷാചരണവുമൊക്കെ നമ്മുടെ യുവജനസംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ നമ്മെ സഹായിക്കണം. ഇക്കാര്യത്തിൽ അതിരൂപത പാസ്റ്ററൽ കൗൺസിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കെ.സി.വൈ.എൽ. ഗൗരവപൂർവം ഏറ്റെടുത്ത് ഒരുങ്ങി നടപ്പിലാക്കണം. ഈ നോമ്പുകാലം അപ്രകാരമുള്ള ഒരു നല്ല ഒരുക്കത്തിന്റെ കാലഘട്ടമായി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. അതിരൂപതയിലെ എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും യുവജനോന്മുഖമായ പ്രവർത്തന ശൈലിയിലൂടെ യുവജന നവീകരണത്തിനായി പരിശ്രമിക്കണം. യുവജനങ്ങളെ അറിയാൻ, ശ്രവിക്കാൻ, അവരുടെ ആവശ്യങ്ങൾ മനസിലാക്കാൻ, അവരോടൊത്തു ചരിക്കാൻ

സഭയും സമൂഹവും സജ്ജമാകണം. വാക്കുകളേക്കാൾ ജീവിതമാതൃക കൊണ്ടും ദൈവം ഒരുക്കിയ വഴിയിലൂടെയുള്ള പ്രയാണം കൊണ്ടും സ്വാർത്ഥതാൽപര്യങ്ങൾ ഭേദിക്കുന്ന സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നിസ്വാർത്ഥപ്രവർത്തനങ്ങളിലൂടെയും തങ്ങൾക്കു ദൈവം ഒരുക്കിയ ജീവിത ദൗത്യത്തെക്കുറിച്ച് യുവജനങ്ങളിൽ അഭിമാനബോധം വളർത്താനും ആ ദൗത്യങ്ങളുടെ നിർവ്വഹണത്തിന് അവരെ സജ്ജരാക്കാനും ഈ നോമ്പുകാലം നമുക്ക് പ്രയോജനപ്പെടുത്താം.

ഓരോ ഇടവക സമൂഹവും ആ ഇടവകയിലുള്ള യുവജനങ്ങളെയെല്ലാം ചേർത്തു നിർത്തി അവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും തിരിച്ചറിഞ്ഞ് ദൈവമൊരുക്കിയ വഴികളിലൂടെ അവരെ നയിക്കാനാവശ്യമായ കർമ്മ പരിപാടികൾ നോമ്പുകാലത്തും തുടർന്നും ആവിഷ്ക്കരിക്കണം. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും തണലിൽ ദൈവവചനം ധ്യാനിക്കുവാനും പങ്കുവയ്ക്കുവാനും ആ വചനവെളിച്ചത്തിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് കർമ്മനിരതരാകുവാനും യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ ഇടവക സമൂഹമൊന്നാകെ പരിശ്രമിക്കണം. ഈ പരിശ്രമങ്ങൾ വലിയ നോമ്പിന്റെ അന്തരീക്ഷത്തിലും ആത്മീയ ചൈതന്യത്തിലും ഇടവക സമൂഹമൊന്നാകെ നടത്തുമ്പോൾ ദൈവജനത്തെ മുഴുവൻ ഉത്ഥാനത്തിന്റെ ആനന്ദത്തിലേക്കു നയിക്കുവാനും ഇടവകയിലെ യുവജനപ്രവർത്തനങ്ങൾക്കു കൂടുതലായ ക്രൈസ്തവ ചൈതന്യവും ആദ്ധ്യാത്മിക ഉണർവും പകർന്നു നൽകുവാനും സഹായകമാകും. നാൽപത് ദിവസത്തെ ഉപവാസത്തിലും പ്രാർത്ഥനയിലും ദൈവാത്മാവിനാൽ പൂർണ്ണമായി നയിക്കപ്പെടുവാൻ വിട്ടുകൊടുത്ത ഈശോയെപ്പോലെ ഈ നോമ്പുകാലം പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളാൽ നിറയുവാനും ആ പ്രചോദനങ്ങൾക്കനുസൃതം ഉറച്ച ബോദ്ധ്യത്തോടും നിശ്ചയദാർഢ്യത്തോടും കൂടി ദൈവം ഒരുക്കിയ വഴികളിൽ തങ്ങളുടെ ജീവിതം തിരിച്ചുവിടുവാനും, നമുക്കേവർക്കും, വിശിഷ്യാ നമ്മുടെ എല്ലാ യുവജനങ്ങൾക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

പിതാവിന്റെയും +പുത്രന്റെയും+പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവ്വാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാകേന്ദ്രത്തിൽ നിന്നും 2018 ജനുവരി മാസം 30-ാം തീയതി,

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത

NB . ഈ ഇടയലേഖനം 2018 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും വി. കുർബ്ബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.